സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ എസ്.സി./എസ്.ടി വിദ്യാർത്ഥിനികളുടെ ഫീസ് സൗജന്യം

9 [231] ശ്രീ. പി. നാരായണൻ:
,, കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥിനികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥിനികൾക്ക് ഫീസ് സൗജന്യം നൽകുന്നുണ്ടോ;

(സി) ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ തീരുമാനമനുസരിച്ചുള്ള ഫീസ് എസ്.സി./എസ്.ടി. വിദ്യാർത്ഥിനികൾക്കുവേണ്ടി സർക്കാർ അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് കോളേജുകൾക്ക് നേരിട്ട് അടയ്ക്കുന്നതിനാണോ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ-സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന എത്ര വിദ്യാർത്ഥിനികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവർക്ക് ഫീസ് നൽകുന്നതിനായി എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ വിവിധ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ എസ്.സി./എസ്.ടി. വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നില്ലെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കുട്ടികളുടെ താമസത്തിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ സമുദായ വിദ്യാർത്ഥിനികൾക്ക് ട്യൂഷൻ ഫീസ് ഉൾപ്പെടെ എല്ലാ ഫീസും, സ്റ്റൈപ്പന്റും, ലംപ്സംഗ്രാന്റും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് സ്റ്റൈപ്പന്റിനുപകരം യഥാർത്ഥ താമസ ക്ഷേണ ചെലവും പോക്കറ്റ്മണിയും നൽകി വരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 8 കിലോമീറ്ററിലധികം ദൂരത്തിൽ താമസിക്കുന്ന വിദ്യാർത്ഥിനികൾക്ക് സർക്കാർ ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്ത സഹചര്യത്തിൽ 1,000 രൂപ വീതം പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതിനും 6-8-2004-ലെ സ.ഉ.(എം.എസ്.) നം:53/04/പട്ടിക. പവ./വിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംവരണ/മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് ഫീസ് അടയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫീസ് തുക നേരിട്ട് സ്ഥാപനങ്ങൾക്കാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വകാര്യ-സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ 3,452 പട്ടികജാതി വിദ്യാർത്ഥികളും, 140 പട്ടികവർഗ്ഗ വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

(ഇ) ഉണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 12,02,18,597 രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 78,89,090 രൂപയും ഒരു വർഷത്തേയ്ക്ക് വേണ്ടി വരുന്നതാണ്.

(എഫ്) ഇല്ല.

തമ്പാനൂർ പ്രദേശത്ത് കെട്ടിനിൽക്കുന്ന മഴവെള്ളം

10 [232] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ.മുഹമ്മദാലി:
ശ്രീമതി മേഴ്സി രവി:
ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂർ പ്രദേശത്ത് മഴ പെയ്യുമ്പോഴുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ശ്രമങ്ങൾ എന്നു തുടങ്ങി;

(ബി) ഇതുവരെ അതിനുവേണ്ടി എന്തെല്ലാം പണികൾ നടത്തിയിട്ടുണ്ട്; എന്തു തുക ചെലവ് ചെയ്തു;

(സി) തമ്പാനൂരിലേക്ക് ഉയർന്ന പ്രദേശങ്ങളിൽ നിന്ന് ഒഴുകിവരുന്ന വെള്ളം തമ്പാനൂരിലെത്തുന്നതിന് മുമ്പുതന്നെ തിരിച്ചുവിടുന്നതിനുള്ള എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ;

(ഡി) തമ്പാനൂരിലെത്തുന്ന വെള്ളം അതിന്റെ പ്രാരംഭ സ്ഥാനത്തു വച്ചു തിരിച്ചുവിടുന്നതിനുള്ള പദ്ധതികളെപ്പറ്റി പരിഗണിക്കുമോ?

ഉത്തരം

(എ) തമ്പാനൂർ പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ശ്രമങ്ങൾ ജലസേചനവകുപ്പ് 1993-ലും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം 2000-ലും കേരള റോഡ് ഫണ്ട് ബോർഡ് 2004-ലും തുടങ്ങി.

(ബി) കേരള പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ, റെയിൽവേ തുടങ്ങിയ വകുപ്പുകൾ ചേർന്ന് തമ്പാനൂരിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ഒരു Action plan തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പഴവങ്ങാടി തോടിന്റെ കമ്പിവേലികളുടെ അറ്റകുറ്റപ്പണികളും, ബേക്കറി ജംഗ്ഷൻ മുതൽ പഴവങ്ങാടി തോടിന്റെ ചെളി നീക്കം ചെയ്യലും പഴവങ്ങാടി മുതൽ തകരപ്പറമ്പ് വരെയുള്ള പഴവങ്ങാടി തോടിന്റെ വീതി കൂട്ടലും നടപ്പാക്കിയിട്ടുണ്ട്. തമ്പാനൂർ പഴവങ്ങാടി പ്രദേശത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് ശാശ്വത പരിഹാരം കാണുന്നതിലേക്ക് വേണ്ട സാങ്കേതിക പഠനങ്ങൾ നടത്തുകയുണ്ടായി. തമ്പാനൂർ പഴവങ്ങാടി ഭാഗത്ത് കാലവർഷം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പഴവങ്ങാടി തോടിലെ ചെങ്കൽ പാലം മുതൽ കണ്ണമ്മൂല വരെയുള്ള 4.30 കി.മീ. ദൂരം വരുന്ന ഭാഗം വൃത്തിയാക്കുന്നതിനുള്ള പണികൾ ചെയ്തുവരുന്നു. തോട്ടിൽ നിന്ന് നീക്കം ചെയ്യുന്ന ചെളിയും മറ്റു മാലിന്യങ്ങളും ജനവാസം കുറഞ്ഞ സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly